ലേഖനം
●
സി. ദാവൂദ്

# എസ്.എഫ്.ഐ കാലത്തെ കാമ്പസ്

**2008 നവംബര്‍ 18.** അടുത്ത ദിവസം വീട്ടില്‍ നടക്കുന്ന ഒരു സല്‍ക്കാരവുമായി ബന്ധപ്പെട്ട തിരക്കുകളില്‍ മുഴുകിയിരിക്കെയാണ് ഫോണ്‍ വരുന്നത്; മടപ്പള്ളി ഗവ. കോളേജിലെ എസ്.ഐ.ഒ പ്രവര്‍ത്തകന്‍ സുഹൈല്‍ എസ്.എഫ്.ഐ ആക്രമണത്തില്‍ പരിക്കേറ്റ് ആശുപത്രിയിലാണ്. ഉടനെ ബൈക്കെടുത്ത് വടകര ഗവ. ആശുപത്രിയിലെത്തി. സുഹൈല്‍ അവിടെ വാര്‍ഡില്‍ പായ വിരിച്ച് കിടക്കുന്നു. ആകെ ക്ഷീണിതനാണ്. മൂക്കിന് അടിയേറ്റ് ചോര വന്ന പാടുണ്ട്. ഒപ്പം കുറച്ച് പ്രവര്‍ത്തകരും. ഞാന്‍ സുഹൈലിനെ ആശ്വസിപ്പിച്ച് അവരോടൊപ്പം നിന്നു. എസ്.ഐ.ഒ 25-ാം വാര്‍ഷികത്തോടനുബന്ധിച്ച് നടക്കുന്ന ദേശീയ ജാഥയുടെ പ്രചാരണ നോട്ടീസ് കാമ്പസില്‍ വിതരണം ചെയ്തതിന്റെ പേരിലാണ് സുഹൈല്‍ മര്‍ദിക്കപ്പെട്ടത്. മര്‍ദനത്തിന്റെ രീതി ഇങ്ങനെ: സുഹൈലിന്റെ കൂട്ടുകാരനായ ഒരു എസ്.എഫ്.ഐ പ്രവര്‍ത്തകന്‍ നിന്നെ....... ചേട്ടന്‍ യൂനിയന്‍ ഓഫീസില്‍ കാത്തിരിപ്പുണ്ടെന്നും കാണണമെന്നും

**മുഷ്ടി ചുരുട്ടി മുദ്രാവാക്യം വിളിക്കാൻ അവകാശ മുള്ള കാമ്പസിൽ മുഷ്ടി അയച്ച് പിടിച്ച് മുകളിലേ ക്കുയർത്തി പ്രാർഥിക്കാനുള്ള അവകാശവും ഉണ്ടാ യിരിക്കുക എന്നതാണ് പ്രാഥമികമായ ജനാധിപത്യ മര്യാദ. എന്നാൽ മുഷ്ടിയുടെ ഒരേയൊരു ആവി ഷ്കാരത്തിൽ മാത്രം വിശ്വസിക്കുന്നുവെന്നതാണ് എസ്.എഫ്.ഐ നിലപാടിന്റെ പരിമിതി.**

പറയുന്നു. സുഹൈൽ യൂനിയൻ ഓഫീസിലേക്ക് പോവുന്നു. ഓഫീസിൽ കയറേണ്ട താമസം, 'നീ മതമൗലികവാദ സംഘടനയുടെ നോട്ടീസ് വിതരണം ചെയ്യുമോടാ' എന്നാക്രോശിച്ച് തലങ്ങും വിലങ്ങും തല്ല് വരുന്നു. സുഹൈൽ നാട്ടിലെ സുഹൃത്തുക്കളെ വിവരം അറിയിക്കുന്നു. അവർ വന്ന് അവനെ ഹോസ്പിറ്റലിൽ എത്തിക്കുന്നു. കോളേജിൽ സുഹൈലിന് സുഹൃത്തുക്കൾ ധാരാളമുണ്ട്; അവർക്കൊക്കെ- അധ്യാപകർക്കും- അവനെ അങ്ങേയറ്റം സ്നേഹവുമാണ്. എങ്കിലും എസ്.എഫ്.ഐക്കാർ അടിച്ചു വീഴ്ത്തിയ ഒരാളെ ആശുപത്രിയിലെത്തിക്കാനുള്ള മനോധൈര്യമൊന്നും അവർക്കില്ല.

അത്ഭുതം അവിടെയല്ല. സുഹൈൽ ആശുപത്രിയിലെത്തി മണിക്കൂറുകൾ ആയെങ്കിലും അവനെ പരിചരിക്കാൻ നഴ്സുമാരോ ഡോക്ടർമാരോ കാര്യമായൊന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. എന്നാൽ കുറേ സമയത്തിന് ശേഷം അതാ മറ്റൊരാൾ കടന്നു വരുന്നു. സാക്ഷാൽ സുഹൈലിനെ തല്ലി നിലത്തിട്ട കക്ഷി. അവനും അതേ വാർഡിൽ പായ വിരിച്ച് കിടന്നു. കേരളാ ഗവ. നഴ്സസ് അസോസിയേഷന്റെ അച്ചടക്കമുള്ള പ്രവർത്തകർ അവനെ പരിചരിക്കുന്നതിൽ സജീവമായി. തല്ല് കിട്ടിയ സുഹൈലിന്റെ തൊട്ടപ്പുറത്ത് തന്നെ തല്ലിയ കക്ഷിയും പരിക്കേറ്റ് കിടക്കുന്നു! അതിനിടെ മറ്റൊരു വാർത്തയും വാർഡിൽ എത്തി. മടപ്പള്ളി കോളേജിൽ അങ്ങനെയൊരു പ്രശ്നമൊന്നും നടന്നില്ലെന്ന് പറഞ്ഞ് പ്രിൻസിപ്പലിന്റെ വക വടകര പ്രസ് ക്ലബിൽ പത്രസമ്മേളനം നടക്കുകയാണത്രെ. അദ്ദേഹത്തിന്റെ കൂടെ യൂനിയൻ ഭാരവാഹികളുമുണ്ട്. കോളേജിൽ നടന്ന തല്ലിന്റെ കാര്യത്തിൽ പ്രിൻസിപ്പൽ ഇങ്ങനെയൊരു പത്രസമ്മേളനം ഇത്ര തിടുക്കത്തിൽ വിളിച്ചു ചേർക്കുന്നത് ഒരു പക്ഷേ കേരളത്തിൽ ആദ്യമായിരിക്കും. അടുത്ത ദിവസം കോളേജിൽ എസ്.എഫ്.ഐ വക പ്രകടനവും നടന്നു. എസ്.ഐ.ഒ അക്രമത്തിൽ പ്രതിഷേധിക്കണമെന്നാവശ്യപ്പെട്ട് കൂറ്റൻ പ്രകടനം!

സുഹൈൽ രണ്ട് ദിവസം അവിടെ കിടന്നു. ഒരു പോലിസ് ഏമാനും അവിടെ വന്ന് വിവരം ആരാഞ്ഞില്ല, മൊഴിയെടുത്തില്ല, എഫ്.ഐ.ആർ തയാറാക്കിയില്ല. പോലീസ് സ്റ്റേഷനിൽ ഈ ലേഖകൻ തന്നെയും മറ്റുള്ളവർ വഴിയും നിരന്തരം ബന്ധപ്പെട്ടുകൊണ്ടേയിരുന്നു. ഫലം നാസ്തി. ആശുപത്രിയിൽ നിന്നുള്ള വൂൺഡ് സർട്ടിഫിക്കറ്റ് കിട്ടാൻ നിരന്തരം പിന്നാലെ നടന്നിട്ടും സാധിച്ചില്ല. പാർട്ടി കൽപന അനുസരിക്കാൻ സൂപ്രണ്ടും ഡോക്ടർമാരും നഴ്സുമാരും പോലീസുമെല്ലാം കാണിക്കുന്ന ശുഷ്കാന്തി അങ്ങേയറ്റം അസൂയാർഹം തന്നെ. അവസാനം രണ്ട് ദിവസം കിടന്നതിന്റെ മടുപ്പുമായി സുഹൈൽ വീട്ടിലേക്ക് പോയി. അതിനകം സുഹൈലിനെതിരെ എടച്ചേരി പോലിസ് സ്റ്റേഷനിൽ കേസ് ഫയൽ ചെയ്ത് കഴിഞ്ഞിരുന്നു.

എസ്.എഫ്.ഐ പ്രവർത്തകരെ അക്രമിച്ചു പരിക്കേൽപിച്ചുവെന്നാണ് കേസ്!

എസ്.എഫ്.ഐ കാമ്പസുകളിൽ നടത്തുന്ന സംഘടിത അക്രമത്തിനെതിരെ ഈ ലേഖകൻ നിരവധി പ്രഭാഷണങ്ങൾ നടത്തിയിരുന്നു, പത്രസമ്മേളനങ്ങൾ വിളിച്ചിരുന്നു, പ്രസ്താവനകളും ലേഖനങ്ങളും തയാറാക്കിയിരുന്നു. എന്നാൽ ഇതിന്റെ സംഘടിതവും നിർദയവുമായ രൂപം നേരിൽ കാണുന്നത് മടപ്പള്ളി കോളേജ് സംഭവത്തിലാണ്. കോളേജ് പ്രിൻസിപ്പൽ, ആശുപത്രി സൂപ്രണ്ട്, ഡോക്ടർമാർ, നഴ്സുമാർ, ആശുപത്രി പരിസരത്തെ ഓട്ടോ ഡ്രൈവർമാർ, പോലിസ് ഉദ്യോഗസ്ഥർ എന്നിവരെയെല്ലാം ചേർത്തുള്ള ഒരു നെറ്റ്‌വർക്ക് സുഹൈലിനെതിരെ പ്രവർത്തിക്കുന്നതിന്റെ ശാസ്ത്രീയതയും കൃത്യതയും കേന്ദ്രീകൃത സ്വഭാവവും കണ്ട് അമ്പരക്കുകയും ഭയക്കുകയും പരാജയപ്പെടുകയുമല്ലാതെ നിവൃത്തിയുണ്ടായിരുന്നില്ല. കാമ്പസുകളിൽ എസ്.എഫ്.ഐ 'വിജയം' എപ്പോഴും ആവർത്തിച്ചുകൊണ്ടേയിരിക്കുന്നതിന്റെ രസതന്ത്രം ഇവിടെ ശരിക്കും അനുഭവിച്ചറിയുകയായിരുന്നു.

മടപ്പള്ളി കോളേജിൽ എസ്.ഐ.ഒവിന്റെ ഉത്തരവാദിത്വം ഉണ്ടായിരുന്ന സംസ്ഥാന കമ്മിറ്റിയംഗം പറഞ്ഞൊരു അനുഭവം: കോളേജിൽ പ്രവർത്തകരുടെ യോഗം ചേരാൻ സാധ്യമല്ല. ആ ചെങ്കോട്ടയിൽ 'മതമൗലികവാദികൾ'ക്ക് അതിനുള്ള അനുവാദമില്ല. കാമ്പസിന് ഏതാണ്ട് അടുത്ത് ഒരു ചെറിയ മസ്ജിദ് ഉണ്ട്. അവിടെ യോഗം ചേരാൻ ഇരുന്നു. അൽപം കഴിഞ്ഞ് പള്ളി കമ്മിറ്റിയംഗമായ ഒരു കാരണവർ വന്നു പറഞ്ഞു: 'നിങ്ങൾ ഇവിടെ യോഗം ചേരരുത്. എനിക്ക് നിങ്ങളോട് എന്തെങ്കിലും വിരോധം ഉണ്ടായിട്ടല്ല. പക്ഷേ, ഇവിടെ യോഗം ചേർന്നാൽ അത് പാർട്ടി അറിയും. പിന്നെ അതിന്റെ പൊല്ലാപ്പുകൾ ഏൽക്കേണ്ടിവരുന്നത് ഞങ്ങളായിരിക്കും'. അയാൾ പള്ളിക്ക് മുന്നിലെ ഹോട്ടലിലേക്ക് വിരൽ ചൂണ്ടി. 'അവിടെയുള്ള ......എന്ന ആൾക്കാണ് പള്ളി നിരീക്ഷിക്കാനുള്ള ചുമതല. നിങ്ങൾ അധിക സമയം ഇവിടെ തങ്ങിയാൽ അയാൾ അത് പാർട്ടിയിൽ റിപ്പോർട്ട് ചെയ്യും. നിസ്കരിച്ചു പോവാനേ ഇവിടെ അവകാശമുള്ളൂ'.

ഇനി ഇതിന്റെ രണ്ടാം ഖണ്ഡം. അടുത്ത വർഷം മടപ്പള്ളി കോളേജിൽ എസ്.എഫ്.ഐ പിളർന്നു. എസ്.എഫ്.ഐ റവല്യൂഷനറി എന്ന പുതിയ സംഘടന പിറവിയെടുത്തു. ഒഞ്ചിയം മേഖലയിലുണ്ടായ പാർട്ടി പിളർപ്പിന്റെ കാമ്പസ് പതിപ്പ്. നേരത്തെ സുഹൈലിനെ തല്ലിയിട്ട നേതാവ് റവല്യൂഷനറിയായി. യഥാർഥ എസ്.എഫ്.ഐക്കാർ അവനെ തല്ലിയോടിച്ചു. കാമ്പസ് വിട്ടോടിയ ആ സഖാവ് പിന്നെ കോളേജിൽ തിരിച്ചു വന്നിട്ടില്ല. റവല്യൂഷനറിയൊക്കെ വന്ന പശ്ചാത്തലത്തിൽ കിട്ടിയ അൽപം അയഞ്ഞ അന്തരീക്ഷത്തിൽ നടന്ന യൂനിയൻ തെരഞ്ഞെടുപ്പിൽ സുഹൈൽ എസ്.ഐ.ഒ പാനലിൽ ഫൈൻ ആർട്സ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിച്ചു; മുന്നൂറിലേറെ വോട്ട് നേടി.

കേവലമൊരു കഥാകഥനത്തിന് വേണ്ടിയല്ല ഈ സംഭവം ഇവിടെ ഉദ്ധരിച്ചത്. കേരളത്തിലെ കാമ്പസുകളിൽ കാൽനൂറ്റാണ്ടിലേറെക്കാലമായി എസ്.എഫ്.ഐ നടത്തുന്ന പ്രവർത്തനത്തിന്റെ പ്രത്യയശാസ്ത്രപരവും പ്രായോഗികവുമായ രീതി അറിയാനുള്ള മികച്ചൊരു സ്റ്റഡി മെറ്റീരിയൽ എന്ന നിലക്കാണ്. എസ്.എഫ്.ഐ അതിന്റെ അധികാര വ്യവസ്ഥയും മർദന ക്രമവും എങ്ങനെ നിലനിർത്തുന്നു എന്നത് ഈ സംഭവത്തിൽ വളരെ കൃത്യമായി അനാവരണം ചെയ്യപ്പെടുന്നുണ്ട്. പാർട്ടിയും (സി.പി.ഐ.എം) വർഗ ബഹുജന സംഘടനകളും (അധ്യാപക, അനധ്യാപക യൂനിയൻ ഉൾപ്പെടെ) ഈ മർദന വ്യവസ്ഥയെ നിലനിർത്താൻ നൽകുന്ന സംഭാവനകളും ഇതിൽ നമുക്ക് വ്യക്തമാവും. എസ്.എഫ്.ഐ ആധിപത്യമുള്ള പല സർക്കാർ കോളേ

**സുഹൈലിനെ അടിച്ചു വീഴ്ത്തിയത് മതമൗലികവാദ ത്തിനെതിരായ പിന്മടക്കമില്ലാത്ത സമരത്തിന്റെ മൂർത്താ വിഷ്കാരമാണ് എന്നാണ് എസ്.എഫ്.ഐ നേതാക്കൾ ക്ലാസുകളിൽ കയറി പ്രസംഗിക്കുക. അങ്ങനെ മർദന ത്തിനിരയായ വ്യക്തിയെ/വ്യക്തികളെ/സംഘടനയെ അപര പ്രതിഛായ നൽകി വിദ്യാർഥികളിൽ നിന്ന് ഒറ്റ പ്പെടുത്താനും തങ്ങളുടെ മർദനത്തിന് നൈതികവും രാഷ്ട്രീയവുമായ ആന്തരാർഥം സൃഷ്ടിച്ചെടുക്കാനും എസ്.എഫ്.ഐക്ക് കഴിയുന്നു.**

ജുകളും നിൽക്കുന്നത് പാർട്ടിക്ക് ആധിപത്യമുള്ള പ്രദേശങ്ങളിലായിരിക്കും. അതായത്, ലോക്കൽ കമ്മിറ്റിയുടെ സഹകരണം ഈ മർദന വ്യവസ്ഥ പരിക്കേൽക്കാതെ സംരക്ഷിച്ചു നിർത്തുന്നതിൽ എസ്.എഫ്.ഐയെ സഹായിക്കുന്നു.

ഈ മർദന പദ്ധതിക്ക് പ്രത്യയശാസ്ത്ര പിൻബലം നൽകാനാണ് 'മതമൗലിക വാദ' സംഘടനയെന്ന ലേബൽ അവർ അടിച്ചേൽപിക്കുന്നത്. സുഹൈലിനെ അടിച്ചു വീഴ്ത്തിയത് മതമൗലികവാദത്തിനെതിരായ പിന്മടക്കമില്ലാത്ത സമരത്തിന്റെ മൂർത്താ വിഷ്കാരമാണ് എന്നാണ് എസ്.എഫ്.ഐ നേതാക്കൾ ക്ലാസുകളിൽ കയറി പ്രസംഗിക്കുക. അങ്ങനെ മർദനത്തിനിരയായ വ്യക്തിയെ/വ്യക്തികളെ/സംഘടനയെ അപര പ്രതിഛായ നൽകി വിദ്യാർഥികളിൽ നിന്ന് ഒറ്റപ്പെടുത്താനും തങ്ങളുടെ മർദനത്തിന് നൈതികവും രാഷ്ട്രീയവുമായ ആന്തരാർഥം സൃഷ്ടിച്ചെടുക്കാനും എസ്.എഫ്.ഐക്ക് കഴിയുന്നു. മതേതര ആധുനികതയുടെ പൊതുബോധം ശക്തമായി നിലനിൽക്കുന്ന നമ്മുടെ കാമ്പസുകളിൽ, ആധുനിക ജ്ഞാനവ്യവസ്ഥയുടെ ഉൽപന്നങ്ങളായ അധ്യാപകർക്ക് മേൽക്കൈ ഉള്ള വൈജ്ഞാനിക അന്തരീക്ഷത്തിൽ ഈ പ്രമേയത്തിനും വിശദീകരണത്തിനും എളുപ്പം ആധികാരികത നേടിയെടുക്കാൻ കഴിയുന്നു. അപ്പോൾ സുഹൈൽ നല്ലവനായ സുഹൃത്ത് ആണെങ്കിലും 'അവനൊരു മതമൗലികവാദിയായിപ്പോയല്ലോ' എന്നൊരു സഹതാപാധിഷ്ഠിതമായ രോഷം വിദ്യാർഥികൾക്കിടയിൽ സൃഷ്ടിക്കപ്പെടുന്നു.

എസ്.ഐ.ഒവിനുമേൽ എസ്.എഫ്.ഐയുടെ മർദനമുറകൾ കേരളത്തിലെ കാമ്പസുകളിൽ വ്യാപകമാവുന്നത് 2000 മുതലാണ്. 1983ലാണ് ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാർഥി സംഘടന എന്ന നിലക്ക് എസ്.ഐ.ഒ രൂപീകരിക്കപ്പെടുന്നത്. പേരിൽ വിദ്യാർഥി സംഘടനയായിരുന്നെങ്കിലും സാമൂഹിക-രാഷ്ട്രീയ പ്രാധാന്യമുള്ള വിഷയങ്ങളും അജണ്ടകളും ഏറ്റെടുത്തുകൊണ്ടായിരുന്നു അതിന്റെ പ്രവർത്തനം. ഒരു യുവജന പ്രസ്ഥാനത്തിന്റെ റോൾ ആണ് അത് നിറവേറ്റിയത്. ഇതിൽ മാറ്റം വരുന്നത് 2000-ത്തോടു കൂടിയാണ്. 2003ൽ സോളിഡാരിറ്റി എന്ന യുവജന പ്രസ്ഥാനം രൂപീകരിക്കപ്പെട്ടതോടെ എസ്.ഐ.ഒവിന് കാമ്പസിൽ മാത്രം കേന്ദ്രീകരിക്കാം എന്ന അവസ്ഥ വന്നു. പെട്ടെന്നുതന്നെ കാമ്പസുകളിൽ അവഗണിക്കാനാകാത്ത സാന്നിധ്യമായി മാറാൻ എസ്.ഐ.ഒവിന് സാധിച്ചു. നേരത്തെ മലബാറിലെ

മുസ്‌ലിം ഭൂരിപക്ഷ കാമ്പസുകളിലും തെക്കൻ കേരളത്തിലെ പ്രധാനപ്പെട്ട കുറച്ച് കാമ്പസുകളിലും മാത്രം പരിമിതപ്പെട്ടിരുന്ന സംഘടനക്ക് സംസ്ഥാനത്തെങ്ങും കാമ്പസുകളിൽ കൂടുതൽ ശക്തമായി ഇടപെടാൻ സാധിക്കുന്ന അവസ്ഥ സംജാതമായി.

ഈ ലേഖകൻ എസ്.ഐ.ഒവിന്റെ കേരളത്തിലെ അധ്യക്ഷസ്ഥാനം ഏൽപിക്കപ്പെടുന്നത് 2007 ജനുവരിയിൽ. സംസ്ഥാന സർക്കാറിന്റെ സ്പോർട്സ് ലോട്ടറി വിദ്യാർഥികൾക്കു മേൽ അടിച്ചേൽപിക്കുന്നതിനെതിരെയുള്ള ശക്തമായ സമരങ്ങളോടെയാണ് എസ്.ഐ.ഒ ആ വർഷം പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. കേരളത്തിന്റെ പല ഭാഗങ്ങളിലും എസ്.എഫ്.ഐ ആക്രമണങ്ങളും പോലീസ് അറസ്റ്റുകളും നടന്നുകൊണ്ടിരുന്നു. ഓരോ രണ്ടു വർഷം കൂടുമ്പോഴും നേതൃമാറ്റം നടക്കുകയും 'നയവും പരിപാടി'യും വിശകലനം ചെയ്ത് പുതുക്കി നിശ്ചയിക്കുകയും ചെയ്യുക എന്നതാണ് എസ്.ഐ.ഒവിന്റെ സംഘടനാ രീതി. ഈയാവശ്യാർഥം ഓരോ രണ്ട് വർഷം കൂടുമ്പോഴും കേന്ദ്ര സമിതിയും സംസ്ഥാന സമിതികളും പ്രത്യേകമായി സമ്മേളിക്കും. എസ്.എഫ്.ഐയുടെ അക്രമങ്ങൾ പല സ്ഥലങ്ങളിൽ നിന്നായി റിപ്പോർട്ട് ചെയ്യപ്പെടുന്ന പശ്ചാത്തലത്തിലാണ് ആ വർഷം സംസ്ഥാന സമിതി ചേരുന്നത്. എസ്.എഫ്.ഐയുടെ പ്രവർത്തന പദ്ധതികളെക്കുറിച്ചും അതിനെ എങ്ങനെ നേരിടണമെന്നതിനെക്കുറിച്ചുമുള്ള വിശദമായ ആലോചനകൾ സംസ്ഥാന സമിതിയിൽ നടന്നു. മർദനങ്ങളെ ആശയപരമായി നേരിടണമെന്നും കായികമായി നേരിടുന്നത് ഗുണത്തേക്കാളേറെ ദോഷം വരുത്തി വെക്കുമെന്നുമുള്ള നിഗമനത്തിൽ സംഘടന എത്തി. കായികമായ കരുത്താണ് എസ്.എഫ്.ഐയുടെ ശക്തി. ആശയപരവും രാഷ്ട്രീയവുമായ ദാരിദ്ര്യമാണ് അവരുടെ ദൗർബല്യം. അതിനാൽ അവർക്ക് ശക്തിയുള്ളതും നമുക്ക് ദൗർബല്യമുള്ളതുമായ മേഖലയിൽ അവരോട് ഏറ്റുമുട്ടുന്നത് അപകടമാണ്. അവർ ദുർബലരും നാം ശക്തരുമായ മേഖലയിലാണ് യുദ്ധമുന്നണി തുറക്കേണ്ടത്. അതിനാൽ എസ്.എഫ്.ഐയുടെ പ്രവർത്തന പദ്ധതിക്കെതിരെ ശക്തമായ ആശയ, രാഷ്ട്രീയ പ്രചാരണം നടത്തണമെന്നത് നയമായി സ്വീകരിച്ചു.

എസ്.എഫ്.ഐ അക്രമങ്ങൾക്ക് ന്യായമായി അവർ ഉന്നയിക്കുന്നതെന്താണ്? 'മതമൗലികവാദ'സംഘടനയാണ് എസ്.ഐ.ഒ, അതിനാൽ അവർ അടിച്ചമർത്തപ്പെടണം- ഇതാണ് എസ്.എഫ്.ഐ തിസീസ്. മതേതര ആധുനികതയുടെ വളരെ കുടുസ്സായ ലോകബോധത്തിൽ നിന്നാണ് എസ്.എഫ്.ഐ ഈ തീർപ്പിൽ എത്തുന്നത്. മതേതര ആധുനികതയുടെ കണ്ണിൽ മതപരമായ എല്ലാം അനിവാര്യമായും അപരിഷ്കൃതവും പിന്തിരിപ്പനും വർഗീയവും അതിനാൽ എതിർത്തു തോൽപിക്കപ്പെടേണ്ടതുമാണ്. ജനാധിപത്യ സ്വഭാവവും പുരോഗമനപരതയും സ്വയം അവകാശപ്പെടുമെങ്കിലും മതത്തിന്റെ കാര്യത്തിലാവുമ്പോൾ അങ്ങനെയൊരു ജനാധിപത്യപരത മതേതര ആധുനികന്മാർ അനുവദിച്ചു തരില്ല. 1985-'86ലെ ശരീഅത്ത് വിവാദത്തിന്റെ അടിസ്ഥാനം ഇതായിരുന്നു. മതത്തിനകത്ത് സ്ത്രീക്ക് സ്വാതന്ത്ര്യം ഉണ്ടാകാൻ സാധ്യമല്ല എന്ന മുൻതീർപ്പിൽ നിന്നാണ് ഇന്ത്യയിലെ ഇടതുപക്ഷ മതേതരത്വം സംഘ്പരിവാറുമായി ചേർന്ന് അന്ന് മുസ്‌ലിം വ്യക്തിനിയമത്തിനെതിരെ സമരം നയിച്ചത്. മതത്തിനും മതത്തിനകത്തെ സ്ത്രീക്കും എന്ത് പറയാനുണ്ടെന്ന് അന്വേഷിക്കാൻ, അങ്ങനെയൊരു സംവാദാത്മക ബന്ധം വളർത്തിയെടുക്കാൻ അന്ന് മതേതരപക്ഷം മെനക്കെട്ടില്ല. ഇസ്‌ലാമിന് അതിന്റേതായ ഒരു ജൈവവ്യവസ്ഥയുണ്ടാകാനിടയുണ്ടെന്നും അതിന്റെ വ്യക്തിനിയമങ്ങൾ സ്വാഭാവികമായും ആ ജൈവവ്യവസ്ഥയുമായി താളബന്ധം നിലനിർത്തുന്നതുമായിരിക്കും എന്ന് അറിയാനുള്ള ഒരു ശ്രമവും അവരുടെ ഭാഗത്ത് നിന്നുണ്ടായില്ല. മതമാണോ എങ്കിൽ അപരിഷ്കൃതം, ആധുനിക

**‘മതമൗലികവാദ’സംഘടനയാണ് എസ്.ഐ.ഒ, അതിനാൽ അവർ അടിച്ചമർത്തപ്പെടണം– ഇതാണ് എസ്.എഫ്.ഐ തിസീസ്. മതേതര ആധുനികതയുടെ വളരെ കുടുസ്സായ ലോകബോധത്തിൽ നിന്നാണ് എസ്.എഫ്.ഐ ഈ തീർപ്പിൽ എത്തുന്നത്. മതേതര ആധുനികതയുടെ കണ്ണിൽ മതപരമായ എല്ലാം അനിവാര്യമായും അപരിഷ്കൃതവും പിന്തിരിപ്പനും വർഗീയവും അതിനാൽ എതിർത്തു തോൽപിക്കപ്പെടേണ്ടതുമാണ്.**

വിരുദ്ധം എന്ന ഒറ്റവരിത്തീർപ്പിൽ എത്താനായിരുന്നു അന്ന് ഇടതു-മതേതര പക്ഷത്തിന് താൽപര്യം.

മതേതര ആധുനികതയുടെ വിശകലന പദ്ധതിക്ക് വഴങ്ങിക്കിട്ടാത്ത എല്ലാ ആശയ സ്വരൂപങ്ങളെയും ജീവിത രീതികളെയും സംഘടനാ സംവിധാനങ്ങളെയും അടിച്ചമർത്തുക എന്ന തീർപ്പിൽ മതേതര ആധുനികത എത്തി. കേരളത്തിൽ നവോത്ഥാനത്തിന്റെയും മതേതര ആധുനികതയുടെയും മുന്നണിപ്പോരാളികളായ ഇടതുപക്ഷമാണ് ഈ ദൗത്യം ഏറ്റെടുത്തത്. മതേതര ആധുനികതയും അതിന്റെ ഉപകരണമായ സയൻസുമാണ് ചരിത്രത്തിന്റെ അവസാനം എന്നവർ വിചാരിച്ചു. ആ വിചാരത്തിന്റെ പുറത്ത് നിൽക്കുന്നവരെ അപരന്മാരായി സങ്കൽപിച്ചു. അപരവൽക്കരിക്കപ്പെട്ടവരെ അടിച്ചമർത്തുകയെന്നത് എല്ലാ അധീശ വ്യവസ്ഥകളുടെയും അടിസ്ഥാന സ്വഭാവങ്ങളിലൊന്നാണ്. അതായത്, മതേതരത്വത്തിന്റെ പേരിൽ തങ്ങളുടെതായ ഒരു ഭീകര മർദന വ്യവസ്ഥ കാമ്പസിൽ അടിച്ചേൽപിക്കുകയായിരുന്നു എസ്.എഫ്.ഐ. ഈ വിശകലനങ്ങളിൽ നിന്നാണ് ‘മതേതര ഭീകരത’ എന്ന പരികൽപന എസ്.ഐ.ഒ ഉയർത്തിക്കൊണ്ടുവന്നത്. ‘മതവർഗീയതക്കും മതേതര ഭീകരതക്കുമെതിരായ സമരം ശക്തിപ്പെടുത്തും’ എന്ന വാചകം എസ്.ഐ.ഒ നയപരിപാടി രേഖയിൽ എഴുതിച്ചേർത്തു.

‘മതേതര ഭീകരത’ എന്ന പ്രയോഗം കേരളത്തിൽ ആദ്യമായി പരിചയപ്പെടുത്തിയത്, ഒരുപക്ഷേ എസ്.ഐ.ഒ ആയിരിക്കും. 2005 ഡിസംബറിൽ തിരുവനന്തപുരം യൂനിവേഴ്സിറ്റി കോളേജിൽ എസ്.ഐ.ഒ സംഘടിപ്പിച്ച റാഗിംഗ് വിരുദ്ധ ഒപ്പുശേഖരണ പരിപാടി എസ്.എഫ്.ഐ പ്രവർത്തകർ ആക്രമിച്ചു അലങ്കോലപ്പെടുത്തി. നിരവധി പ്രവർത്തകർക്ക് പരിക്കേറ്റു. എം.ജി യൂനിവേഴ്സിറ്റി സ്കൂൾ ഓഫ് മെഡിക്കൽ എജ്യുക്കേഷനിൽ നടന്ന പ്രമാദമായ റാഗിംഗ് സംഭവത്തിന്റെ പശ്ചാത്തലത്തിലായിരുന്നു ആ പരിപാടി. റാഗിംഗിനെതിരെയുള്ള പരിപാടി എസ്.എഫ്.ഐ ആക്രമിച്ചു തോൽപിക്കേണ്ട യാതൊരു കാര്യവുമുണ്ടായിരുന്നില്ല. മതമൗലികവാദികൾ നടത്തിയ പരിപാടി എന്നത് മാത്രമായിരുന്നു അത് ആക്രമിക്കപ്പെടാനുള്ള കാരണം. ഇതുമായി ബന്ധപ്പെട്ട് എസ്.എഫ്.ഐ നേതൃത്വത്തിൽ ചിലരുമായി സംസാരിക്കാനുള്ള സന്ദർഭം അന്നുണ്ടായി. യൂനിവേഴ്സിറ്റി കോളേജിൽ പെൺകുട്ടികൾ നമസ്കരിക്കാൻ തുടങ്ങിയിരിക്കുന്നു; നിങ്ങളാണ് അതിന്റെ പിന്നിൽ എന്നതായിരുന്നു അവർ എസ്.ഐ.ഒവിനെതിരെ ഉന്നയിച്ച പ്രധാനപ്പെട്ട വിമർശനം. വിഷയം ഇതാണ്;

കോളെജിൽ ധാരാളം മുസ്‌ലിം പെൺകുട്ടികൾ പഠിക്കുന്നുണ്ട്. ഉച്ചക്കുള്ള നമസ്‌കാരം (ളുഹർ) മുസ്‌ലിംകൾക്ക് നിർബന്ധ കടമയാണ്. പെൺകുട്ടികൾക്കാകട്ടെ അടുത്തൊന്നും അതിന് വേണ്ടത്ര സൗകര്യമില്ല. അവർ ഇന്റർവെൽ സമയത്ത് അറബിക് ഡിപാർട്ട്‌മെന്റിലെ ക്ലാസ്മുറിയിൽ പേപ്പർ വിരിച്ച് നമസ്‌കരിക്കും. ഇതാണ് എസ്.എഫ്.ഐ വലിയൊരു 'മതമൗലികവാദ' പ്രവർത്തനമായി കണ്ടെത്തിയിരിക്കുന്നത്. ഒരു വ്യക്തി ദൈവവുമായി നടത്തുന്ന സംഭാഷണമാണ് ഇസ്‌ലാമിക കാഴ്ചപ്പാടിൽ നമസ്‌കാരം. തികഞ്ഞ ഏകാഗ്രതയോടെ നിർവഹിക്കപ്പെടുന്ന ഒരു ധ്യാനരൂപമാണത്. എന്നാൽ ഈ ധ്യാനരൂപത്തെപ്പോലും ഉൾക്കൊള്ളാൻ കഴിയാത്ത വിധം ചെറുതാണ് എസ്.എഫ്.ഐ പ്രതിനിധാനം ചെയ്യുന്ന ജനാധിപത്യ ഫ്രെയിം. സമാനമായ അനുഭവം കോഴിക്കോട് മെഡിക്കൽ കോളേജിലും ഉണ്ടായിരുന്നു. മെഡിക്കൽ കോളേജ് കാമ്പസ് മതമൗലികവാദ പ്രവർത്തനത്തിന്റെ കേന്ദ്രമാവുന്നു എന്ന മട്ടിൽ 2004–2005 കാലത്ത് വ്യാപക പ്രചാരണം നടന്നു. എസ്.എഫ്.ഐയും ആർ.എസ്.എസ് വാരികയായ *കേസരി*യുമാണ് ഈ പ്രചാരണത്തിന് മുമ്പിലുണ്ടായിരുന്നത്. ഓരോ ഹോസ്റ്റലിലും വ്യത്യസ്ത ഫ്‌ളോറുകളിൽ ഏതെങ്കിലും എസ്.ഐ.ഒ പ്രവർത്തകന്റെ മുറി വൃത്തിയായി സൂക്ഷിച്ച് അതാത് ഫ്‌ളോറിലുള്ള വിദ്യാർഥികൾ അവിടെ വന്ന് ഒന്നിച്ച് നമസ്‌കരിക്കുന്ന സമ്പ്രദായം അവിടെ ഉണ്ടായിരുന്നു. ഇതിനെതിരെ വ്യാപകമായ കാമ്പയിനിംഗാണ് കോളേജിൽ എസ്.എഫ്.ഐ നടത്തിയത്. ആ കാമ്പയിൻ മതമൗലികവാദികൾ മെഡിക്കൽ കോളേജിൽ വളരുന്നു എന്ന മട്ടിൽ അവർ പുറത്തും നടത്തി. മുഷ്ടി ചുരുട്ടി മുദ്രാവാക്യം വിളിക്കാൻ അവകാശമുള്ള കാമ്പസിൽ മുഷ്ടി അയച്ച് പിടിച്ച് മുകളിലേക്കുയർത്തി പ്രാർഥിക്കാനുള്ള അവകാശവും ഉണ്ടായിരിക്കുക എന്നതാണ് പ്രാഥമികമായ ജനാധിപത്യ മര്യാദ. എന്നാൽ മുഷ്ടിയുടെ ഒരേയൊരു ആവിഷ്‌കാരത്തിൽ മാത്രം വിശ്വസിക്കുന്നുവെന്നതാണ് എസ്.എഫ്.ഐ നിലപാടിന്റ പരിമിതി. പഠനം, സമരം എന്നതാണ് എസ്.എഫ്.ഐയുടെ മുദ്രാവാക്യം. പഠനം, സമരം, ധ്യാനം എന്ന് വേറൊരു കൂട്ടർ മുദ്രാവാക്യമായി സ്വീകരിക്കുന്നുവെങ്കിൽ അതും അനുവദിക്കപ്പെടുക എന്നതല്ലേ കൂടുതൽ തുറന്ന നിലപാട്? ■

**(കെ. അഷ്‌റഫ് എഡിറ്റ് ചെയ്ത് എസ്.ഐ.ഒ കേരള ഘടകം പ്രസിദ്ധീകരിക്കുന്ന 'ക്ലാസ്‌മേറ്റ്‌സ്: മതേതര കാമ്പസിനെക്കുറിച്ച വീണ്ടുവിചാരങ്ങൾ' എന്ന പുസ്തകത്തിൽ നിന്ന്).**